## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

29.01.2014 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : T 3421

### " കുളമ്പുരോഗം ബാധിച്ച മൃഗങ്ങളുടെ ഇറച്ചി വിൽപ്പന നടത്തുന്നത് തടയാനുള്ള നടപടി "

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. എസ്. ശർമ്മ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | ഇറച്ചി വിൽപ്പന നടത്തുന്നതിന് സംസ്ഥാനത്ത് ആകെ എത്ര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉണ്ടെന്ന വ്യക്തമാക്കാമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്കെതിരെ നടപ്പു വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ ; | (ബി) | നടപ്പു വർഷം പോലീസ് വകുപ്പ് 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ എത്ര സ്ഥാപനങ്ങൾക്ക് ഇറച്ചി വിൽക്കുന്നതിനുള്ള ലൈസൻസ് ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | വൈപ്പിൻ മണ്ഡലത്തിൽ പഞ്ചായത്തുതലത്തിൽ ഒരു സ്ഥാപനത്തിനും ഇറച്ചി വിൽക്കുന്നതിനുള്ള ലൈസൻസ് ഇല്ല. |
| (ഡി) | കുളമ്പുരോഗം ബാധിച്ച മൃഗങ്ങളുടെ ഇറച്ചി ഭക്ഷണമായി എത്തുന്നത് തടയുന്നതിന് പ്രത്യേകമായി സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിൽ വിപണനം ചെയ്ത ഇറച്ചി പിടികൂടുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; | (ഡി) | അംഗീകൃത അറവുശാലകളിൽ നിന്നും കുളമ്പുരോഗം ബാധിച്ച ഇറച്ചി ഭക്ഷണമായി എത്തുന്നത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ ഇറച്ചി വിൽപ്പന നടത്തിയതിന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, എത്രയെന്നും സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ ? | (ഇ) | കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ